# കേരള സർവകലാശാല

നം.പി.ആർ.148/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2020
### ഓൺലൈൻ അപേക്ഷ അവസാന തീയതി ആഗസ്റ്റ് 17

കേരള സർവകലാശാലയുടെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 17 ന് വൈകിട്ട് 5 മണിക്ക് അവസാനിക്കുന്നതാണ്. പ്രവേശന നടപടികളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള വിവിധ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും ആഗസ്റ്റ് 17 ന് വൈകിട്ട് 5 മണിക്ക് മുൻപ് തന്നെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്ത വിദ്യാർത്ഥികളെ ഒരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് തുടർ ആവശ്യത്തിനായി സൂക്ഷിക്കണം.

സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള വിദ്യാർത്ഥികൾ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത ശേഷം പ്രൊഫൈലിൽ ലഭ്യമാകുന്ന പ്രൊഫോമ തങ്ങൾ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) നേരിട്ടോ ഇ–മെയിൽ മുഖാന്തിരമോ ആഗസ്റ്റ് 17 ന് വൈകിട്ട് 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ ഇ–മെയിൽ ഐ.ഡി അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് ബന്ധപ്പെട്ട വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ആഗസ്റ്റ് 17 വൈകിട്ട് 5 മണി വരെ അപേക്ഷിക്കാം. കേന്ദ്രീകൃത അലോട്ട്മെന്റിനായി ഓൺലൈൻ അപേക്ഷ പൂർത്തിയാക്കിയവർക്ക് വീണ്ടും ലോഗിൻ ചെയ്ത ശേഷം പ്രൊഫൈലിലെ കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് ഉപയോഗിച്ച് താൽപര്യമുള്ള വിഷയങ്ങൾ/കോളേജുകൾ പ്രത്യേക ഓപ്ഷനായി നൽകാവുന്നതാണ്. വിദ്യാർത്ഥിയുടെ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കി അവർക്ക് അപേക്ഷിക്കാൻ സാധിക്കുന്ന കോളേജുകൾ മാത്രമേ ഇവിടെ ഓപ്ഷനായി കാണിക്കുകയുള്ളൂ. ഓപ്ഷനുകൾ നൽകിയതിന് ശേഷം സേവ് ചെയ്ത് അതിന്റെ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കുക.

ഓൺലൈൻ അപേക്ഷ പ്രിന്റൗട്ടിന്റെ പകർപ്പുകൾ ഒന്നും തന്നെ കോളേജുകളിലേക്കോ സർവകലാശാലയിലേക്കോ അയയ്ക്കരുത്. ആയത് അഡ്മിഷൻ സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച വിശദവിവരങ്ങൾക്ക് 8281883052, 8281883053 എന്നീ ഫോൺ നമ്പറുകളിലോ onlineadmission@keralauniversity.ac.in എന്ന ഇ-മെയിൽ ഐ.ഡി.യിലോ സർവകലാശാലയുമായി ബന്ധപ്പെടുക.

(**പ്രത്യേക കുറിപ്പ്:** എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## എം.ബി.എ പ്രവേശനം-സ്കോർകാർഡ് സമർപ്പിക്കാം

എം.ബി.എ പ്രവേശനത്തിന് അപേക്ഷിച്ച എല്ലാവരും അവരുടെ സ്കോർ കാർഡും യൂണിവേഴ്സിറ്റി അപേക്ഷാ നമ്പറും ഐ.എം.കെ-യ്ക്ക് mbaadmissionimke2020@gmail.com, യു.ഐ.എം-ന് mbaadmissionuimku2020@gmail.com എന്നിവയിലേക്ക് ആഗസ്റ്റ് 12 രാത്രി 10 മണിക്ക് മുമ്പ് അയക്കേണ്ടതാണ്. സ്കോർ കാർഡുകൾ സമർപ്പിച്ചവരെ മാത്രമെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കയുള്ളൂ. ഇതിനകം സമർപ്പിച്ചവർ വീണ്ടും സമർപ്പിക്കേണ്ടതില്ല.

എം.ബി.എ (സായാഹ്നം) കോഴ്സിന് അപേക്ഷിച്ചവർക്ക് അവരുടെ ഡിഗ്രി ഏകീകൃത മാർക്ക് പട്ടിക, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് mbaadmissionimke2020@gmail.com ലേക്ക് ആഗസ്റ്റ് 12 രാത്രി 10 മണിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്. മാർക്ക് ലിസ്റ്റ്, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവരെ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കയുള്ളൂ. ഇതിനകം സമർപ്പിച്ചവർ വീണ്ടും സമർപ്പിക്കേണ്ടതില്ല.

## പ്രാക്ടിക്കൽ

ജൂലൈ ആറിനും ഏഴിനും എസ്.എൻ കോളേജ് ഫോർ വിമെൻ, കൊല്ലം കോളേജിൽ വച്ച് നടത്തേണ്ടിയിരുന്ന ബി.എ ആറാം സെമസ്റ്റർ മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 12 നും (MU1661 - elective), ആഗസ്റ്റ് 14 നും (MU1645-concert) അതേ കേന്ദ്രത്തിൽ വച്ച് രാവിലെ 9.30 മുതൽ നടത്തുന്നതാണ്.

## ടൈംടേബിൾ

2019 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ് (ന്യൂട്രീഷ്യൻ ആന്റ് ഡയറ്ററ്റിക്സ്) പരീക്ഷയുടെ ഇന്റേൺഷിപ്പ് വൈവ പരീക്ഷ ആഗസ്റ്റ് 13 ന് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോം വഴി നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫലം

2019 ഒക്ടോബറിൽ നടത്തിയ ബി.കോം എസ്.ഡി.ഇ (2017 അഡ്മിഷൻ) മൂന്നാം സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ആഗസ്റ്റ് 13 മുതൽ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

2019 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയക്കുളള അപേക്ഷകൾ ആഗസ്റ്റ് 18 ന് മുൻപായി സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**10.08.2020**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**